**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1995** **03-03-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുപ്പത്തൊൻപത് വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും കാലാനുസൃതമായി പരിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകാമോയെന്ന് വ്യക്തമാക്കാമോ ? | (എ) | സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് കാലാനുസൃതമായി പുന: സംഘടിപ്പിക്കുന്നതുൾപ്പെടെ സംസ്ഥാനത്തെ വിവരശേഖരണ സംവിധാനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർമാൻ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ, ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർമാൻ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ